## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4618** **20.10.2011 ന് മറുപടിയ്ക്ക്**

<u>മൾട്ടി നാഷണൽ കമ്പനികളുടെ കടന്നുകയറ്റം</u>

ചോദ്യം

ഉത്തരം

ശ്രീ. എം. ഹംസ

ശ്രീ.റ്റി.എം.ജേക്കബ്

(ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശി ക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) ഇല്ല. |
| (ബി) കഴിഞ്ഞ 5 വർഷക്കാലം മാർക്കറ്റ് ഇന്റർവെൻഷൻ നടത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും അതിനായി എത്ര തുക ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ; | (ബി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള മാർക്കറ്റ് ഇടപെടൽ പദ്ധതിയുടെ ഭാഗമായി മാവേലി സ്റ്റോറുകൾ ഉൾപ്പെടെയുള്ള വിൽപ്പനശാലകൾ വഴി പൊതുവിപണിയെക്കാൾ ശരാശരി 50% വരെ കുറഞ്ഞ നിരക്കിൽ അവശ്യ സാധനങ്ങൾ ജനങ്ങൾക്ക് വിതരണം ചെയ്യുന്നുണ്ട്. കൂടുതൽ വിൽപ്പനശാലകൾ വഴി മിതമായ വിലയ്ക്ക് വിപണിയിൽ കൂടുതൽ സാധനങ്ങൾ എത്തിച്ച് ദൌർലഭ്യം ഒഴിവാക്കുന്നു. ഇതിനുപുറമെ ആദിവാസി/തീരദേശ മേഖലകളിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിനായി സഞ്ചരിക്കുന്ന 14 മാവേലി സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നു. ശാസ്ത്രീയമായ സ്റ്റോക്ക് മാനേജ്മെന്റ് നടപ്പിലാക്കുക വഴി എല്ലാ വിൽപ്പനശാലകളിലും എല്ലാ സമയത്തും അവശ്യസാധനങ്ങൾ ലഭ്യമാണെന്ന് ഉറപ്പുവരുത്തി ഗുണനിലവാരം ഉറപ്പാക്കുകയും ഉപഭോക്താവിന് ഏതെങ്കിലും ഉൽപ്പന്നത്തിന്റെ ഗുണനിലവാരത്തിൽ തൃപ്തിയില്ലെങ്കിൽ അത് തിരിച്ചെടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. യഥാർത്ഥ ഉപഭോക്താവിന് അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾ വഴി നിയന്ത്രിക്കുകയും അതുവഴി അവശ്യസാധനങ്ങളുടെ ദുരുപയോഗ സാദ്ധ്യത തികച്ചും |

ഇല്ലാതാക്കുകയും ചെയ്തു. എ.ആർ.ഡി ശബരി സ്റ്റോറുകൾ, തീരമൈത്രി സൂപ്പർ മാർക്കറ്റുകൾ വഴിയും നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തു വരുന്നു. ഗോതമ്പ് പൊടിയുടെ വിലവർദ്ധന തടയുവാനായി റേഷൻ കടകൾ വഴി ഫോർട്ടിഫൈഡ് ആട്ട കിലോയ്ക്ക് 12 രൂപ നിരക്കിൽ വിതരണം നടത്തി വരുന്നു. അരിയും പലവ്യഞ്ജനങ്ങളും കൂടാതെ മറ്റ് നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിലും സപ്ലൈകോ ഇടപെടുന്നു. FMCG സാധനങ്ങൾ MRP യെക്കാളും ശരാശരി 10 ശതമാനം വില കുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് വൻകിട കുത്തക കച്ചവടക്കാരെ MRP യിൽ നിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാകുകയും ചെയ്യുന്നു. പൊതുവിപണിയിലേതിനെക്കാൾ 20 ശതമാനം വരെ വിലക്കുറവിൽ തേയില, കാപ്പി, കറിപൌഡറുകൾ, വെളിച്ചെണ്ണ, കായം, വാളൻപുളി, ഏലം എന്നിവ ശബരി എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തി വരുന്നു. ഉത്സവ കാലങ്ങളിലെ വില വർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവ കാല ചന്തകൾ നടത്തി വരുന്നു. ശാസ്ത്രീയമായ വില നിർണ്ണയ സംവിധാനം സപ്ലൈകോയിൽ ഏർപ്പെടുത്തുക വഴി പൊതുവിപണിയിലെ വിലകൾ നിയന്ത്രിക്കാൻ കഴിഞ്ഞു. 2006-11 കാലയളവിൽ സംസ്ഥാന സർക്കാർ സിവിൽ സപ്ലൈസ് കോർപ്പറേഷൻ അനുവദിച്ച സബ്സിഡി താഴെ കാണിക്കുന്നു.

| വർഷം | സബ്സിഡി തുക (കോടി) മാർക്കറ്റ് ഇന്റർവെൻഷൻ | അരിക്കടതുക (കോടി) | ഓണക്കിറ്റ് തുക (കോടി) | ആകെ (കോടി) |
|---|---|---|---|---|
| 2006-07 | 23.62 | 0 | 6.38 | 30.00 |
| 2007-08 | 42.92 | 7.08 | 0 | 50.00 |
| 2008-09 | 69.32 | 25.68 | 10.00 | 105.00 |
| 2009-10 | 47.00 | 24.00 | 12.00 | 83.00 |
| 2010-11 | 52.00 | 10.00 | 14.31 | 76.31 |
| ആകെ (കോടി) | 234.86 | 66.76 | 42.69 | 344.31 |

| | |
|---|---|
| (സി) മൾട്ടിനാഷണൽ കമ്പനികളുടെ, ചെറുകിട വ്യാപാര രംഗത്തേയ്ക്കുള്ള കടന്നുകയറ്റം തടയുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ? | (സി) മൾട്ടിനാഷണൽ കമ്പനികളുടെ ചില്ലറ വില്പ്പന കേന്ദ്രത്തിൽ ലഭ്യമായ സേവനങ്ങൾ കുറഞ്ഞ നിരക്കിൽ സാധാരണ ജനങ്ങൾക്ക് എത്തിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഹൈപ്പർ മാർക്കറ്റ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. പൂർണ്ണമായും ശീതീകരിച്ച ഈ വിൽപ്പനശാലകളിൽ ആധുനിക സൗകര്യങ്ങളായ പരിഷ്ക്കരിച്ച റാക്കുകൾ, ട്രോളി തുടങ്ങിയവ ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ നിത്യോപയോഗ സാധനങ്ങളും മറ്റ് FMCG ഉൽപ്പന്നങ്ങൾ, പച്ചക്കറി, ഉപഭോക്തൃ താത്പര്യ ഉൽപ്പന്നങ്ങൾ തുടങ്ങിയവയും പൊതുവിപണിയെക്കാൾ കുറഞ്ഞ നിരക്കിൽ ഈ വിൽപ്പനശാലകളിൽ നിന്നും ലഭ്യമാക്കുന്നു. ഇതു വഴി ഇത്തരം കമ്പനികളുമായി വിപണന രംഗത്ത് മത്സരം സാദ്ധ്യമാക്കാൻ കഴിയും.<br><br>സെക്ഷൻ ഓഫീസർ |